പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 171 **26-10-2026-ൽ മറുപടിയ്ക്ക്**

കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. ഫൈസൽ ബാബു

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. പി. കെ. ഫിറോസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

മറുപടി: തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്. പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി 2026-27സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മലബാർ മേഖലയിലെ പ്രധാന വ്യവസായ വാണിജ്യ നഗരമായ കോഴിക്കോട് വർധിച്ചുവരുന്ന ഗതാഗതത്തിരക്ക് പരിഹരിക്കുന്നതിനും പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി നിർദേശിക്കപ്പെട്ട കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: കോഴിക്കോട് വർധിച്ചുവരുന്ന ഗതാഗതത്തിരക്ക് പരിഹരിക്കുന്നതിനും പൊതുഗതാഗത സംവിധാനം ശക്തമാക്കുന്നതിനുമായി കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലത്തിന്റെ മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് കോഴിക്കോട് നഗരത്തിനായുള്ള സമഗ്ര മൊബിലിറ്റി പദ്ധതി [Comprehensive Mobility Plan (CMP)] റിപ്പോർട്ടും ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ടും [Alternative Analysis Report (AAR)] പൂർത്തിയാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ 2017-ലെ മെട്രോ റെയിൽ നയത്തിനും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി സർക്കാർ പരിശോധിച്ച് വരികയാണ്.

(സി) പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

മറുപടി: കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ലഭ്യമാക്കിയ കോഴിക്കോട് നഗരത്തിനായുള്ള സമഗ്ര മൊബിലിറ്റി പദ്ധതി [Comprehensive Mobility Plan (CMP)] റിപ്പോർട്ട്, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് എന്നിവയ്ക്ക് സർക്കാർ അംഗീകാരം നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ വിശദ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പദ്ധതിയുടെ സാങ്കേതികവും സാമ്പത്തികവുമായ സാധ്യതാപഠനം പൂർത്തിയായിട്ടുണ്ടോ;

മറുപടി: കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ലഭ്യമാക്കിയ കോഴിക്കോട് നഗരത്തിനായുള്ള സമഗ്ര മൊബിലിറ്റി പദ്ധതി [Comprehensive Mobility Plan (CMP)] റിപ്പോർട്ട്, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് എന്നിവയ്ക്ക് സർക്കാർ അംഗീകാരം നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ വിശദ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയക്രമം എപ്രകാരമാണെന്ന് അറിയിക്കുമോ?

മറുപടി: കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ലഭ്യമാക്കിയ കോഴിക്കോട് നഗരത്തിനായുള്ള സമഗ്ര മൊബിലിറ്റി പദ്ധതി [Comprehensive Mobility Plan (CMP)] റിപ്പോർട്ട്, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് എന്നിവയ്ക്ക് സർക്കാർ അംഗീകാരം നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ വിശദ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ